# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3772 | 17.12.2015 ന് മറുപടിയ്ക്ക്.

## ആനവേട്ട

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ വന മേഖലകൾ കേന്ദ്രീകരിച്ച് കാട്ടാന വേട്ട നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ നടത്തിയ അന്വേഷണങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലയാറ്റൂർ വാഴച്ചാൽ മേഖലയിൽ ആന വേട്ട നടന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ വനം വകുപ്പിന് 2015 മെയ്/ജൂൺ മാസങ്ങളിൽ ലഭിച്ചതിനെത്തുടർന്നാണ് ശക്തമായ അന്വേഷണം ആരംഭിച്ചത്. പ്രാഥമികാന്വേഷണത്തിൽ, അനവേട്ടയുടെ പിന്നിൽ വേട്ടക്കാരെ കൂടാതെ ഇടനിലക്കാർ, ആനക്കൊമ്പിൽ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന പണിക്കാർ, ആനക്കൊമ്പ് കച്ചവടക്കാർ എന്നിവർ ഉള്ളതായി അന്വേഷണ സംഘത്തിന് ബോധ്യപ്പെട്ടതിനെത്തുടർന്ന് 'ഓപ്പറേഷൻ ഷിക്കാർ' എന്ന് പേരിട്ട അന്വേഷണത്തിലൂടെ ആനവേട്ടയുമായി ബന്ധമുള്ള കേരളത്തിനകത്തും, പുറത്തുമുള്ള ഒരു വൻ ശൃംഖലയെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞു. ആനവേട്ട നടന്നത് ഒരു വർഷത്തിനു മുമ്പുള്ള കാലയളവിലാണ്. രാജ്യ തലസ്ഥാനമായ ഡൽഹി വരെ നീണ്ട അന്വേഷണത്തിന്റെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.<br>1. മൊത്തം അറസ്റ്റിലായവർ - 73 പേർ<br>2. കണ്ടെത്തിയ ആനക്കൊമ്പും, ആനക്കൊമ്പിൽ തീർത്ത കരകൗശലവസ്തുക്കളും- 479.292 കി.ഗ്രാം<br>3. കണ്ടെത്തിയ ആനയുടെ ജഡാവശിഷ്ടങ്ങൾ -18<br>4. പിടിച്ചെടുത്ത വാഹനങ്ങൾ -5<br>5. പിടിച്ചെടുത്ത തോക്കുകൾ -14<br>ഈ കേസ്സിന് അന്തർ സംസ്ഥാന, അന്താരാഷ്ട്ര ബന്ധങ്ങളുള്ളതിനാൽ കേന്ദ്ര ഏജൻസിയായ സി.ബി.എ-യെക്കൊണ്ട് അന്വേഷിപ്പിക്കാൻ കേരള സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) കഴിഞ്ഞ ഒരു വർഷത്തിനകം എത്ര കാട്ടാനകൾ വേട്ടയാടപ്പെട്ടതായാണ് സർക്കാരിന്റെ കണക്ക് ; ഇതിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | (ബി) കഴിഞ്ഞ ഒരു വർഷത്തിനകം കേരളത്തിൽ കാട്ടാനകൾ വേട്ടയാടപ്പെട്ടിട്ടില്ല. |

| | |
|---|---|
| (സി) സംസ്ഥാനത്തെ വനമേഖലകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വേട്ടയാടപ്പെടുന്ന സാഹചര്യം ഒഴിവാകുന്നതിന് പരിശോധനയും മറ്റ് നടപടികളും കാര്യക്ഷമമാക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കുമോയെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ സംരക്ഷിത വന മേഖലയിൽ മുമ്പ് തന്നെ നടപ്പിലാക്കിയിട്ടുള്ള തരത്തിലുള്ള പ്രൊട്ടക്ഷൻ പ്ലാൻ മറ്റുള്ള വനപ്രദേശത്ത് കൂടി, അതാത് മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ആധുനിക സംവിധാനങ്ങളായ ക്യാമറ ട്രാപ്പ്. ജി.പി.എസ് തുടങ്ങിയവയുടെ ഉപയോഗം വർദ്ധിപ്പിക്കുവാനും. പട്രോളിംഗ് കൂടുതൽ ശക്തവും കാര്യക്ഷമവുമാക്കുവാനും വേണ്ട നടപടി കൈക്കൊണ്ടിട്ടുണ്ട്. രഹസ്യ വിവര ശേഖരണവും. കേസന്വേഷണവും ഊർജ്ജിതപ്പെടുത്തുന്നതിനായി വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.